# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1747      31.01.18- ൽ മറുപടി നൽകേണ്ടത്

| | ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ<br>,, വി.എസ്.ശിവകുമാർ<br>,, കെ.സി.ജോസഫ് | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കേരള മുനിസിപ്പൽ - പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഭേദഗതി വരുത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ, Ease of Doing business-ന്റെ ഭാഗമായി, 31/10/17 ലെ ജി.ഒ.(പി) നം.82/2017/തസ്വഭവ പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ, Ease of Doing business-ന്റെ ഭാഗമായി, 31/10/17 ലെ ജി.ഒ.(പി) നം.81/2017/തസ്വഭവ പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. സമയബന്ധിതമായി കെട്ടിട നിർമ്മാണ അനുമതി നൽകുക. സ്വയം സാക്ഷ്യപ്പെടുത്തൽ, കൽപ്പിത അനുമതി (ഡീംഡ് അപ്രൂവൽ), നൽകൽ, എഫ്.എ.ആർ. കവറേജ് പരിഷ്കരണം തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടാണ് ഭേദഗതി വരുത്തിയിരിക്കുന്നത്. |
| (ബി) | പ്രസ്തുത ചട്ടങ്ങളിൽ എഫ്എ.ആർ, കവറേജ് എന്നിവ വൻതോതിൽ വർദ്ധിപ്പിച്ചതും, സംസ്ഥാനത്തിന് മുഴുവനായി ഒരു എഫ്.എ.ആർ ബാധകമാക്കിയതും അവികസിത മേഖലകളിൽ സ്ഥലവില കൂടുന്നതിന് കാരണമാകുകയും അത് സാധാരണക്കാരെ ദോഷകരമായി ബാധിക്കുകയും ചെയ്യുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ചട്ടങ്ങളിൽ, റോഡുകളുടെ വീതി സംബന്ധിച്ചുണ്ടായിരുന്ന നിബന്ധനയിൽ മാറ്റം വരുത്തിയത് ആംബുലൻസ്, ഫയർ എഞ്ചിനുകൾ എന്നിവ എത്തിച്ചേരുന്നതിന് തടസ്സമാകുമെന്നതിനാൽ പ്രസ്തുത നിർദ്ദേശം പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ